
ഡിജിറ്റൽ മാഗസിൻ 2024

പി.പി.ടി.എം.വൈ.എച്ച്.എസ്.എസ്, ചേറൂർ

DIGI KITES 2.4

# പട്ടങ്ങൾ





അങ്ങില്ലാത്ത കാലം ഞങ്ങൾക്ക് ശൂന്യമാണ്.....
ഈ കലാലയം വളർന്നതും പടർന്നതും അങ്ങയുടെ
മേൽനോട്ടത്തിലായിരുന്നു. പ്രിയപ്പെട്ട തങ്ങളുടെ
ത്യാഗോജ്ജ്വലമായ സ്മരണകൾക്ക് മുന്നിൽ

# നമ്മുടെ മാനേജർമാർ



മുഹമ്മദ് അലി ശിഹാബ് തങ്ങൾ



ഉമർ അലി ശിഹാബ് തങ്ങൾ



ഹൈദർ അലി ശിഹാബ് തങ്ങൾ



സ്വാദിഖ് അലി ശിഹാബ് തങ്ങൾ

# നമ്മുടെ പ്രധാനാദ്ധ്യാപകർ



ശ്രീ മുഹമ്മദ് അലി മാസ്റ്റർ



ശ്രീ മൂസ്സ മാസ്റ്റർ



ശ്രീ ഹംസ മാസ്റ്റർ



ശ്രീ അനിൽ കുമാർ മാസ്റ്റർ



ശ്രീ അബ്ദുൽ മജീദ് മാസ്റ്റർ

# ആശംസകൾ



ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പുറത്തിറക്കുന്ന പട്ടങ്ങൾ എന്ന ഡിജിറ്റൽ മാഗസിനും അതിന്റെ പിന്നിൽ പ്രവർത്തിച്ച പ്രിയ കുട്ടികൾക്കും , അധ്യാപകർക്കും എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.

എം എം കുട്ടി മൗലവി
ജനറൽ സെക്രട്ടറി



ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പുറത്തിറക്കുന്ന പട്ടങ്ങൾ എന്ന ഡിജിറ്റൽ മാഗസിനും അതിന്റെ പിന്നിൽ പ്രവർത്തിച്ച പ്രിയ കുട്ടികൾക്കും , അധ്യാപകർക്കും എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.

എ കെ സൈനുദ്ദീൻ
മാനേജർ



നമ്മുടെ വിദ്യാർത്ഥികൾ പുറത്തിറക്കുന്ന പട്ടങ്ങൾ എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.

മുജീബ് പൂക്കുത്ത്
പി ടി എ പ്രസിഡന്റ്

## സന്ദേശം



അറിവിന്റെ ലോകത്തെ വിവര സാങ്കേതിക വിദ്യ അടക്കി വാഴുന്ന പുതിയ കാലഘട്ടത്തിൽ പി പി ടി എം വൈ ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അണിയിച്ചൊരുക്കുന്ന ഡിജിറ്റൽ മാഗസിൻ **പട്ടങ്ങൾ** അത്യുന്നതങ്ങളിലേക്ക് പറന്നുയരട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മാസ്റ്റർ

അബ്ദുൽ മജീദ് മാസ്റ്റർ

## സന്ദേശം



2022-2025 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പുറത്തിറക്കുന്ന **പട്ടങ്ങൾ** എന്ന ഡിജിറ്റൽ മാഗസിനും അതിന്റെ പിന്നിൽ പ്രവർത്തിച്ച പ്രിയ കുട്ടികൾക്കും , അധ്യാപകർക്കും എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.

ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ
**കെ ഇ സലിം**

# സന്ദേശം



ജില്ലാ ,സംസ്ഥാന തലങ്ങളിൽ മികവുറ്റ പ്രവർത്തനം കാഴ്ചവെച്ച പി പി ടി എം വൈ എച് എസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ അധ്യാപകരുടെ സഹായത്തോടെ ഡിജിറ്റൽ രംഗത്തെ സമകാലീന പ്രവണതകൾ , അത്യാധുനിക കണ്ടുപിടിത്തങ്ങൾ , ആശയങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു പട്ടങ്ങൾ എന്ന പേരിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്റ്റാഫ് സെക്രട്ടറി
**കുഞ്ഞഹമ്മദ് ഫാറൂഖ്**

# സന്ദേശം



# സന്ദേശം

ചരിത്രം ഒരിക്കലും തിരുത്തപ്പെടാനുള്ളതല്ല..
അത് രേഖപ്പെടുത്തപ്പെട്ടവയാണ്... കഴിഞ്ഞു പോയ
കാലങ്ങളെ കുറിച്ച് നാളെയുടെ ലോകത്തിനു
പ്രദർശിപ്പിക്കുമ്പോഴാണ് അഭിമാനവും അമ്പരപ്പും
പ്രകടമാവുന്നത്, ആ താളുകൾ മറിച്ചു നോക്കുമ്പോൾ
പ്രകാശമണിഞ്ഞ പൊൻകിരീടവുമായി ശിരസ്സുയർത്തി
നിൽക്കും ഈ കലാലയം... കലാലയ ജീവിതത്തിലെ
നിറമണിഞ്ഞ ദിനങ്ങളെ വളരെ ഭംഗിയാർന്ന
വരികളിലൂടെയും വരകളിലൂടെയും നിങ്ങൾ മുദ്രിതമാക്കി..
വർണ്ണച്ചിറകുള്ള പട്ടങ്ങളായി നാളെയുടെ നിലവാനിൽ
പാറിക്കളിക്കുവാൻ നിങ്ങൾക്കേവർക്കും കഴിയുംമാറാവട്ടെ...

ആശംസകളോടെ
നിങ്ങളുടെ സ്വന്തം മാസ്റ്റർ ട്രൈനർ
നൗഫൽ അറക്കൽ



# താളുകൾ മറിക്കുമ്പോൾ


ചേറൂർ വിപ്ലവം
നിർമ്മിത ബുദ്ധിയുടെ അനന്ത സാധ്യതകൾ
എന്തേ ഞാനിത്ര മൗനിയായി
[illegible]
[illegible]
അരിക്കൊമ്പനെവിടെ?
എന്റെ ഗുരു
ലഹരിയിൽ മുങ്ങുന്ന കൗമാരം
[illegible]
ബാല്യത്തിലെ രക്ത ഗന്ധം
കാതോർത്ത്
ഒന്നും ഒന്നും ഇമ്മിണി ബല്യൊന്ന്
[illegible]
കാത്തിരിപ്പ്
യാത്രയയപ്പ്
പൂവ്
[illegible]
[illegible]
[illegible]
ഭാരതം
തീറ്റക്കൊതിയൻ അച്ചു
ഉറുമ്പ്
[illegible]
വൈവ
അപകടകാരികളായ പക്ഷികൾ
[illegible]
[illegible]
[illegible]
കപ്പിൽ മുത്തമിട്ട മെസ്സി
സ്വപ്നം
മനുഷ്യരുടെ ക്രൂരതകൾ
[illegible]
[illegible]
[illegible]
കയിലിനോട്
[illegible]
ഉറക്കമെന്നെ മാടിവിളിക്കവേ
അഹങ്കാരികളായ മരങ്ങൾ
നോക്കുക... നീ നിന്നിലേക്ക്
[illegible]
അനാഥൻ
[illegible]
[illegible]
വേനൽ
[illegible]
[illegible]
[illegible]
ലക്ഷ്യത്തിലേക്കുള്ള സഞ്ചാരം
പേനയും പെൻസിലും
[illegible]
[illegible]
[illegible]
[illegible]
ചാരുകസേര

- [illegible]
- [illegible]
- [illegible]
- മഴ
- നദി


ചരിത്രം

# ചേരൂർ വിപ്ലവം

## CHERUR REBELLION

ചേര്രൂർ സകൂളിന്റെ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുമ്പോൾ ചേറൂർ പടയെക്കുറിച്ച് പറയാതിരിക്കാനാവില്ല.


ഒക്ടോബറിൽ മലപ്പുറം - വേങ്ങരക്കടുത്ത ചേറൂരിൽ ജന്മി- ബ്രിട്ടീഷ് സഖ്യത്തിനെതിരെ നടന്ന ഒരു വിപ്ലവമാണ് ചേറൂർ കലാപം, ചേര്രൂർ യുദ്ധം, നാട്ടുകൂട്ടം കലാപം,ചേര്രൂർ പട എന്നീ പേരുകളിൽ അറിയപ്പെടുന്ന ചേറൂർ വിപ്ലവം. മലബാറിലെ മാപ്പിള പ്രക്ഷോഭങ്ങളെ സംബന്ധിച്ച് ധാരാളം പഠനങ്ങൾ നിലവിലുണ്ട്. ഒരു വൈകാരിക സമൂഹത്തിന്റെ വിവേകശൂന്യമായ പ്രതികരണമായും മതഭ്രാന്തെടുത്തവരുടെ വർഗീയമാന ങ്ങളുള്ള കലാപങ്ങളായും ഫ്യൂഡലിസത്തിന്റെ വിധ്വംസകമായ അധികാരപ്രയോഗങ്ങൾക്ക് ഇരകളായ കർഷക ജനതയുടെ കാർഷിക കലാപങ്ങളുമൊക്കെയായി മലബാറിലെ മാപ്പിള പ്രക്ഷോഭങ്ങൾ വിലയിരുത്തപ്പെട്ടിട്ടുണ്ട്. പക്ഷെ, അവ ശെരിയല്ല. ജന്മി - പ്രഭു - ബ്രിട്ടീഷുകാർ എന്നിവർക്കെതിരെയുള്ള സമരങ്ങൾ ആണവ. ചേറൂർ പട ഇക്കൂട്ടത്തിൽ സവിശേഷമാണ് തിര്രൂരങ്ങാടിക്കടുത്ത് വെന്നിയൂരിലെ പുരാതന ജന്മികുടുംബ മായിരുന്ന കപ്രാട്ട് പണിക്കരുടേത്. 11ാം നൂറ്റാണ്ടിൽ ആറങ്ങോട് സ്വരൂപത്തിനു കീഴിൽ വെള്ളാട്ടര രാജാക്കന്മാരുടെ പടനായകന്മാരായിരുന്ന കപ്രാട്ട് പണിക്കന്മാർ പിൽകാലത്ത് സാമൂതിരിയുടെ പടനായകന്മാരായതായി കരുതപ്പെടുന്നു. മുസ്‌ലിം പണ്ഡിതനും, സിദ്ധനുമായ മമ്പുറം സയ്യിദ് അലവിയുമായി ആരോഗ്യകരമായ സൗഹൃദബന്ധം പുലർത്തിയിരുന്ന അധികാരി കൃഷ്ണപ്പണിക്കരായിരുന്നു 1843 കാലത്ത് കപ്രാട്ട് തറവാട്ടിലെ കാരണവർ. സാമൂഹികമായ ഉച്ചനീചത്വങ്ങളും പരമ്പരാഗത മാമൂലുകളും കണിശതയോടെ പാലിച്ചുവന്നിരുന്ന പണിക്കർക്ക് വളരേയേറേ അടിയാളരും ചെറമക്കളുമുണ്ടായിരുന്നു.



18 –20 നൂറ്റാണ്ടുകളിൽ മാപ്പിളമാർ ഉപയോഗിച്ചിരുന്ന കത്തി

അക്കാലത്ത് കപ്രാട്ട് തറവാട്ടിൽ അടിച്ചുതളിക്കാരിയായി ജോലി ചെയ്തിരുന്ന 'ചക്കി' (ചിരുത എന്നും പറയപ്പെടുന്നു)എന്ന അടിയാള യുവതിയാണ് ചേര്രൂർ വിപ്ലവത്തിന് നിദാനമായി മാറിയത്. ചെറുപ്പത്തിലേ അച്ചനമ്മമാർ മരണപ്പെട്ട നിരാലംബയായിരുന്ന ഈ സ്ത്രീക്ക് ഒരു തരം ചൊറി പിടിപെടുകയും വൈദ്യന്മാരുടെ നിർദ്ദേശ പ്രകാരം നിരവധി നാട്ടു ചികിത്സകൾ ചെയ്തിട്ടും രോഗശമനം ഉണ്ടാകാതായപ്പോൾ അക്കാലത്ത് ദിവ്യപരിവേശത്തോടെ ജനങ്ങൾ ആദരിച്ചിരുന്ന മമ്പുറം സയ്യിദ് അലവിയെ ചികിത്സാർത്ഥം സമീപിക്കാൻ അവർ തീരുമാനിച്ചു. അലവിയുടെ അരികിൽ രോഗ വിവരം പറയാൻ പോയ ചക്കിയ്ക്ക യാതൊരു വിവേചനവും അനുഭവിക്കാതെ

തന്നെ സയ്യിദ് അലവിയെ സമീപിച്ച് പ്രശ്നം അവതരിപ്പിക്കാൻ അവസരം ലഭിച്ചു. അലവി ചക്കിക്ക് വേണ്ടി പ്രാർത്ഥിക്കുകയും പൊന്നാൻ എന്ന പേരിലറിയപ്പെടുന്ന ഒരു തരം തകരയുടെ കുരു ചേർത്ത് വെളിച്ചെണ്ണ കാച്ചിയെടുത്ത് തേക്കുന്നതിനും നിർദ്ദേശിക്കുകയുമുണ്ടായി. രണ്ടാഴ്ചക്കകം തന്നെ ചക്കിയുടെ മാറാദീനം മാറി. അയിത്തവും, തീണ്ടലുമായി ഉച്ചനീചത്വങ്ങൾ അനുഭവിക്കേണ്ടി വന്നിരുന്ന കീഴ് ജാതിക്കാരിയായ ചക്കിക്ക് സഹജീവിയെന്ന തുല്യ പരിഗണനനലികിയുള്ള 'സയ്യിദ് അലവിയുടെ' പെരുമാറ്റം ആദ്യമേ തന്നെ ഹൃദ്യമായി തോന്നിയിരുന്നു. തന്നെ ഏറെക്കാലമായി അലട്ടിയിരുന്ന രോഗത്തിന് കൂടി ശമനം വന്നതോടെ 'ചക്കി' ഈ വിവരങ്ങൾ തന്റെ കൂട്ടത്തിലുള്ളവരുമായി പങ്കുവെക്കുകയും കൂട്ടത്തിലുള്ള രണ്ട് സ്ത്രീകളും മൂന്ന് പുരുഷന്മാരുമുൾപ്പെടെ ആറ് അടിയാളന്മാർ അലവിയുടെ ആശിർവാദത്തോടെ ഇസ്ലാമിലേക്ക് മാർഗ്ഗം കൂടുകയും ചെയ്തു. അവർ മുമ്പുള്ള പേരുകൾ ഉപേക്ഷിച്ച് സലീം, ഹുസൈൻ, അഹമ്മദ്, ആയിശ, ഹലീമ, ഖദീജ എന്നീ പേരുകൾ സ്വീകരിച്ചു. ഇതിന്റെ പേരിൽ നാട്ടിൽ ഹിന്ദു മുസ്ലിം സംഘട്ടനങ്ങൾ സൃഷ്ടിച്ച് മുതലെടുക്കാൻ ബ്രിട്ടീഷുകാർക്കായി.



19-ആം നൂറ്റാണ്ടിൽ ബ്രിട്ടീഷ് രാജ് മദ്രാസ്

അക്കാലത്ത് അധഃസ്ഥിതവിഭാഗങ്ങൾക്ക് മാറുമറക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. മേൽക്കുപ്പായമിട്ടാൽ മുല അരിഞ്ഞെടുക്കുന്ന രീതിയിൽ ശിക്ഷാ വിധികൾ നടപ്പാക്കുമായിരുന്നു. താൻ ഇസ്ലാമായി ആയിഷയായെന്ന ചക്കിയുടെ രോദനം ചെവി കൊള്ളാൻ കാപ്രാട്ട് തമ്പ്രാൻ തയ്യാറായില്ല. പരിണതികൾ കൃഷ്ണപ്പണിക്കരുടെ അസഹിഷ്ണുതക്കിരയായ ആയിശ ചോരയൊലിക്കുന്ന മാറും, നഗ്നമാക്കപ്പെട്ട ശരീരവുമായി സഹായം തേടി മമ്പുറത്തേക്കോടി. കരഞ്ഞു കൊണ്ട് അവർ സയ്യിദ് അലവിയെ സമീപിച്ച് സംഭവങ്ങൾ വിശദീകരിച്ചു. കപ്രാട്ട് പണിക്കരുമായി സൗഹൃദത്തിൽ കഴിഞ്ഞിരുന്ന സയ്യിദ് അലവിക്ക് ഈ ചെയ്തി അവിശ്വസിനീയമായിരുന്നു. എന്നാൽ വൈകാതെ അദ്ദേഹത്തിന് യാഥാർത്ഥ്യം ബോധ്യപ്പെട്ടു. നിജസ്ഥിതി അന്വേഷിച്ച 'സയ്യിദ് അലവിയോട്' തന്റെ പ്രവൃത്തിയെ ന്യായീകരിക്കുകയാണ് അധികാരി ചെയ്തത് ഇതോടെ അദ്ദേഹം കടുത്ത ധർമസങ്കടത്തിലായി. എന്നാൽ ചക്കിയെന്ന ആയിഷയുടെ കണ്ണീരിനും, അഭിമാനവും കാപ്രാട്ട് തംബ്രാനുമായുള്ള സൗഹൃദത്തെ അതി ജയിക്കാൻ പോന്നവ തന്നെയായിരുന്നു ഒക്ടോബർ 10 വിപ്ലവകാരികൾ മമ്പുറത്ത് കൂട്ടം കൂടി. മുസ്ലിം നോമ്പ് മാസമായ

റംസാനിലെ ബദർ ദിനം എന്ന് വിശേഷിപ്പിക്കുന്ന ദിവസമായിരുന്നു അന്ന്. 1843 ഒക്ടോബർ 19ന്(റംസാൻ 26) അവസരം കാത്തു നിൽക്കുകയായിരുന്ന മാപ്പിള പോരാളികളിലെ ആറംഗ സംഘം കപ്രാട്ട് പണിക്കരുടെ കോവിലകത്തേക്കു അതിക്രമിച്ചു കയറി കാവൽ ഭടന്മാരെ തുരത്തിയോടിച്ചു തമ്പ്രാൻറെ തല കൊയ്തു. കൊലപാതകത്തിന് ശേഷം കോവിലകത്തിനു പുറത്തിറങ്ങി സംഘം നായർ പടയെ വെല്ലുവിളിക്കുകയും തങ്ങളുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു. രക്ത സാക്ഷിത്വം കാപ്രാട്ട് തംബ്രാനെ രക്ഷിക്കാൻ വരുന്ന വെള്ള പട്ടാളത്തിലൂടെയേ സാധ്യമാകൂവെന്ന് സയ്യിദ് അലവി മാപ്പിള പോരാളികൾക്ക് സൂചന നൽകിയിരുന്നു. മടയിൽ കയറി ആക്രമിക്കണമെന്ന അലവിയുടെ നിർദ്ദേശമനുസരിച്ചു പട്ടാളം തമ്പടിച്ചിരുന്ന ചേരൂരിലേക്കു അവർ യാത്രയായി. വഴി മധ്യേ സൂഫി സിദ്ധനായ അകത്തെ കോയ തങ്ങൾ രക്ത സാക്ഷികളാവാൻ അനുഗ്രഹിക്കുകയും ആയുധങ്ങൾ മന്ത്രിച്ചു നൽകുകയും ചെയ്തു. ചേറൂരിലെത്തിയ മാപ്പിളമാർ ബ്രിട്ടീഷ് സൈന്യത്തിന് സഹായങ്ങൾ ചെയ്തു കൊടുക്കുന്ന ജന്മി രാവുക്ക പണിക്കരുടെ വീട് ആക്രമിച്ച ശേഷം ആളൊഴിഞ്ഞ നായർ വീട്ടിൽ അവർ പട്ടാളത്തേയും കാത്തിരിപ്പായി. ഒക്ടോബർ 24 ന് കാലത്ത് ക്യാപ്റ്റൻ ലീഡന്റെ നേതൃത്വത്തിൽ ബ്രിട്ടീഷ് സൈന്യം പോരാളികളെയും തേടി കോവിലകത്തെത്തി.

> നിസ്കരിക്കാൻ പോകുക യാണെന്നും ഞങ്ങൾക്ക് വേണ്ടി തയ്യാറെടുക്കു എന്നായിരുന്നു മാപ്പിള മാർ നൽകിയ മറുപടി. പുണ്യപുരുഷ നായ സയ്യിദ് അലവി യുടെ ആളുകളാണ് ഞങ്ങ ളെന്നും, അലവി യുടെ അനുഗ്രഹത്തോടെ ഇസ്ലാ മിന് ഏറ്റ കറ കഴുകി കളഞ്ഞെന്നും അവർ വിളിച്ചു പറഞ്ഞു

പൊട്ടുന്നെയുള്ള മാപ്പിളമാരുടെ എടുത്തു ചാടിയുള്ള ആക്രമണത്തിൽ വിളറി പൂണ്ട് പരാജിതരായി പിന്തിരിഞ്ഞോടേണ്ടി വന്നെങ്കിലും പിന്നീട് സുശക്തവും നൂതനവുമായ ആയുധ സന്നാഹങ്ങളോടെ ബ്രിട്ടീഷ് നാറ്റീവ് മദ്രാസ് അഞ്ചാം റെജിമെന്റിലെ പ്രത്യേക പരിശീലനം നേടിയ 60 മുതൽ 70 പേരടങ്ങുന്ന സൈനികർ നായർ തറവാട് വളഞ്ഞു. ജീവനോടെ കലാപകാരികളെ പിടിക്കണം എന്ന നിർദ്ദേശം ഉണ്ടായിരുന്നതിനാൽ മാപ്പിള പോരാളികളോട് പട്ടാളം കീഴടങ്ങാൻ ആവശ്യപ്പെട്ടു. നിസ്കരിക്കാൻ പോകുകയാണെന്നും ഞങ്ങൾക്ക് വേണ്ടി തയ്യാറെടുക്കു എന്നായിരുന്നു മാപ്പിളമാർ നൽകിയ മറുപടി. പുണ്യ പുരുഷനായ സയ്യിദ് അലവിയുടെ ആളുകളാണ് ഞങ്ങളെന്നും, അലവിയുടെ അനുഗ്രഹത്തോടെ ഇസ്ലാമിന് ഏറ്റ കറ കഴുകി കളഞ്ഞെന്നും അവർ വിളിച്ചു പറഞ്ഞു . അൽപ്പസമയം കഴിഞ്ഞതും മരിക്കാൻ വന്ന ഞങ്ങളോട് കീഴടങ്ങാൻ പറയരുതെന്ന് ആക്രോശിച്ചു അവർ വാളും, വാരി കുന്തങ്ങളുമായി സൈന്യത്തിന് നേരെ പാഞ്ഞെടുത്തു. തുടർന്ന് സൈന്യം വെടി ഉതിർത്ത് കനത്ത ഏറ്റുമുട്ടലിലൂടെ ഏഴ് മാപ്പിളമാരെയും വധിച്ചു. മാപ്പിള സേനയിലെ ഏഴുപേരും കൊല്ലപ്പെട്ടു, ബ്രിട്ടീഷ് പക്ഷത്ത് നിന്ന് 20 ഓളം പേർ വധിക്കപ്പെടുകയും ക്യാപ്റ്റൻ ലീഡനടക്കം 24 ഓളം പേർക്ക് പരിക്ക് പറ്റിയെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രാദേശിക ചരിത്ര

വിവരണങ്ങളിൽ സൈനികരുടെ മൃത ദേഹങ്ങൾ തോണിയിലേക്ക് മാറ്റുമ്പോൾ 20 ബ്രിട്ടീഷ് സൈനികരുടെ മൃതശരീരം കണ്ടെന്നും 50 ഓളം ആളുകൾക്ക് പരിക്കുണ്ടെന്നുമാണ് വിവരിക്കുന്നത്. എന്നാൽ ബ്രിട്ടീഷ് രേഖകൾ ഈ കണ്ടെത്തലുകളെ സാധൂകരിക്കുന്നില്ല. ക്യാപറ്റൻ ലീഡനു പരിക്ക് പറ്റിയെന്നും തോണിയിൽ പട്ടാളക്കാരുടെ ശവ ശരീരങ്ങൾ കോഴിക്കോട്ടേക്ക് കൊണ്ട് പോയി തുടങ്ങിയ ദൃക്സാക്ഷി വിവരങ്ങൾ അംഗീകരിക്കുന്നുണ്ടെങ്കിലും കുറഞ്ഞ ആൾനാശമേ സംഭവിച്ചിട്ടുള്ളൂ എന്നാണ് ബ്രിട്ടീഷ് അധികാരികളുടെ വാദം. മാപ്പിളമാരിലെ ഏഴു പേരെയും വധിക്കാനായ ഏറ്റുമുട്ടലിൽ ബ്രിട്ടീഷ് പക്ഷത്തു നിന്നും സുബേദാറും, മൂന്ന് ഭടന്മാരും അടക്കം നാല് സൈനികർക്ക് ജീവനാശം സംഭവിച്ചെന്നും ക്യാപ്റ്റനും, അഞ്ചു ഭടന്മാർക്കും, ഏഴ് താലൂക് ശിപായിമാർക്കും പരിക്ക് പറ്റിയെന്നുമാണ് ഔദ്യോഗിക ഭാഷ്യം. നാശനഷ്ടങ്ങൾ സംബന്ധിച്ച വാദഗതികൾ എന്ത് തന്നെയായാലും ആധുനിക പരിശീലനം സിദ്ധിച്ച അറുപത് ഭടന്മാർ ശ്രമിച്ചിട്ട് പോലും ഒരു ലഹളക്കാരനെ പോലും ജീവനോടെ പിടിക്കാനായില്ല എന്നത് ബ്രിട്ടീഷ് അധികാരികളെ അത്ഭുതപ്പെടുത്തി. ഒന്നോ രണ്ടോ വാളുകളോടെ വന്ന ഏഴുപേർ അത്യാധുനിക ആയുധങ്ങൾ കൈവശമുണ്ടായിരുന്ന വെള്ള പട്ടാളത്തിന് സമ്മാനിച്ച നഷ്ടവും ചെറുതല്ല എന്നവർ സമ്മതിക്കുന്നു. മുട്ടിച്ചിറ ലഹള അടക്കമുള്ള യുദ്ധങ്ങളിൽ കൊല്ലപ്പെട്ടവരെയൊക്കെ സയ്യിദ് അലവി വിശുദ്ധരാക്കി വാഴ്ത്തുകയും നേർച്ച നടത്തുകയും ചെയ്ത മുൻ അനുഭവം ഉള്ളതിനാൽ, വാഴ്ത്തപ്പെടുന്നത് ഒഴിവാക്കാൻ കൊല്ലപ്പെട്ട മാപ്പിള യോദ്ധാക്കളുടെ ശരീരങ്ങൾ ദഹിപ്പിക്കാനായിരുന്നു സൈന്യത്തിന് ലഭിച്ച നിർദ്ദേശം. ഇതിനായി നീക്കം നടത്തിയ ബ്രിട്ടീഷ് പട പിന്നീട് ശ്രമം ഉപേക്ഷിച്ചു മൃത ശരീരങ്ങൾ മാപ്പിളമാർക്ക് കൈമാറി മതാചാര പ്രകാരം സംസ്കരിക്കുകയായിരുന്നു. എന്നാൽ പുണ്യാത്മാക്കളായി വാഴ്ത്തപ്പെടുന്നത് ഒഴിവാക്കാനാണ് സംസ്കാരം രഹസ്യമാക്കാൻ ശ്രമിച്ചതെന്നും, മതാചാര പ്രകാരം എല്ലാ ബഹുമതികളും പ്രാർത്ഥനകളും അർപ്പിച്ചാണ് സംസ്കാരം നടത്തിയതെന്നുമാണ് സർക്കാർ വാദം. അപ്രകാരം അവിചാരിതമായി പച്ച തൊപ്പിയും തലപ്പാവുമായി മുഖം മറച്ചു കതിരപ്പുറത്തു മുസ്ലിം പക്ഷത്തു ചേർന്ന് പൊരുതി പരിക്ക് പറ്റിയ ശേഷം അപ്രത്യക്ഷനായ അജ്ഞാത യോദ്ധാവ് മമ്പുറം സയ്യിദ് അലവി ആയിരുന്നുവെന്നും, അലവിയുടെ മരണകാരണമായ വെട്ടേറ്റ മുറിവുകളും , കാലിലേറ്റ വെടിയും ചേരൂർ പടയിൽ സംഭവിച്ചതാണെന്നും കരുതപ്പെടുന്നു. പൊന്മള സ്വദേശികളായ പൂവാടൻ മുഹ്‌യിദ്ദീൻ, പട്ടർകടവ് ഹുസൈൻ, ചേറൂർ നിവാസികളായ കുട്ടിമൂസകുട്ടി, ചോലക്കൽ ബുഖാരി, കുന്നാംഞ്ചേരി അലിഹസ്സൻ, പൂന്തിരുത്തി ഇസമായിൽ,

നാശനഷ്ടങ്ങൾ സംബന്ധിച്ച വാദഗതികൾ എന്ത് തന്നെയായാലും ആധുനിക പരിശീലനം സിദ്ധിച്ച അറുപത് ഭടന്മാർ ശ്രമിച്ചിട്ട് പോലും ഒരു ലഹളക്കാരനെ പോലും ജീവനോടെ പിടിക്കാനായില്ല എന്നത് ബ്രിട്ടീഷ് അധികാരികളെ അത്ഭുതപ്പെടുത്തി.

പൂനതക്കപ്പുറം മൊയ്തീൻ എന്നിവരാണ് ചേറൂർ വിപ്ലവത്തിൽ രക്തസാക്ഷ്യം വരിച്ച മുസ്‌ലിങ്ങൾ. ഇവർ 'ചേറൂർ ശുഹദാക്കൾ' എന്നറിയപ്പെടുന്നു.

ചേറൂർ സ്വദേശികളായ മമ്മദുകുട്ടി, മുഹിയുദ്ദീൻ എന്നീ സമകാലിക മാപ്പിള കവികൾ ചേറൂർ വിപ്ലവത്തെ കുറിച്ച് രചിച്ച ചരിത്ര-കീർത്തന കാവ്യ കൃതിയാണ് ചേറൂർ പടപ്പാട്ട്. ഈ കൃതിയാണ് ചേറൂർ വിപ്ലവത്തിന് കൂടുതൽ പ്രസിദ്ധിനേടിക്കൊടുത്തത്. ചേറൂർ നേർച്ചയിൽ ആലപിച്ചിരുന്ന ഈ കൃതി പുണ്യം പ്രതീക്ഷിച്ച് ഭക്തി കാവ്യമായി വീടുകളിൽ പാരായണം ചെയ്യപ്പെടാറുണ്ടായിരുന്നു. മലബാർ മുസ്ലിങ്ങൾക്കിടയിൽ ഇപ്പോഴും പുസ്തകരൂപത്തിൽ പ്രചാരത്തിലുള്ള കൃതിയാണിത്. വില്യം ലോഗനടക്കമുള്ള ബ്രിട്ടീഷ് ചരിത്രകാരന്മാർ പട സംബന്ധമായ രചനകൾക്ക് ഈ കൃതിയാണ് അവലംബിച്ചിട്ടുള്ളത്.


നിറം കറുത്തതിന്റെയും, അവർണനായി ജനിച്ചതിന്റെ പേരിലും ഇന്നും ക്രൂരമായ അടിച്ചമർത്തലുകൾ നേരിടുന്ന രാജ്യത്ത് ഒരു അടിയാളത്തി പെണ്ണിനോട് സവർണൻകാട്ടിയ ക്രൂരത ഒരു യുദ്ധമായി മാറിയ കഥയാണ് ചേറൂർ യുദ്ധവും,അതിലെ രക്തസാക്ഷികളും.

എല്ലാവിധ സന്നാഹങ്ങളോടെയും എത്തിയ ബ്രിട്ടീഷ് പട്ടാളത്തോട് വെറും കയ്യോടെ ഏറ്റുമുട്ടിയിട്ടും മുസ്ലിം പടയാളികൾ വിജയിച്ചു. പടയിൽ വീരമൃത്യു വരിച്ച മുസ്ലിംകളുടെ മയ്യിത്തുകളോട് വെള്ളക്കാർ ക്രൂരത കാട്ടി.

ചെമ്മാട് ടൗണിന് സമീപം തിരൂരങ്ങാടി പഞ്ചായത്ത് ഓഫിസിന് പിൻവശത്താണ് ചേറൂർ രക്തസാക്ഷികളുടെ അന്ത്യവിശ്രമ സ്ഥലം. മനുഷ്യനായി പോലും കാണാത്ത ഒരു കാലത്ത് തങ്ങളുടെ അധികാരം സ്ഥാപിക്കാനും, അടിച്ചമർത്താനും അധികാരിവർഗ്ഗം ചെയ്ത ക്രൂരതകൾ ചരിത്രത്തിൽ വളച്ചൊടിച്ചേക്കാം. പക്ഷെ സത്യം ഒരിക്കലും വിപ്ലവങ്ങൾക്ക് തടസ്സമാകാറില്ല.




തിരൂരങ്ങാടിയിലെ ചേറൂർ ശുഹദാക്കളുടെ മഖ്ബറ



**നൗഫൽ അറക്കൽ**
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ട്രെയിനർ
പി പി ടി എം വൈ എച്ച് എസ് സ്കൂൾ ചേറൂർ

ARTICLE

# നിർമിത ബുദ്ധിയുടെ അനന്ത സാധ്യതകൾ

ശാസ്ത്ര സാങ്കേതിക വിദ്യയിൽ സമീപ കാലത്തുണ്ടായ വൻ കുതിച്ച ചാട്ടം നമ്മുടെ ജീവിത രീതികളിൽ ഒരുപാട് മാറ്റം കൊണ്ട് വന്നു.മാനവ രാശിയുടെ നിലവിലെ ജീവിത രീതികളിൽ പല മേഖലകളിലും നാം വ്യത്യസ്തത സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വരുന്നുവരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നിർമിത ബുദ്ധി.

ഈ അടുത്ത കലങ്ങളിൽ ഏറ്റവും അധികം സംസാരിക്കപ്പെട്ടിട്ടുള്ള സാങ്കേതിക വിദ്യയാണ് എ ഐ . മനുഷ്യനെ പോലെ ചിന്തിക്കുവാനും തീരുമാനങ്ങൾ എടുക്കുവാനും പ്രശ്നങ്ങൾ പരിഹരിക്കുവാനും കഴിയുന്ന യന്ത്രങ്ങളുടെ കാലം വന്നു കഴിഞ്ഞു.ഇതിന്റെ സാധ്യതകൾ അനന്തമാണ്.റോബോട്ടുകളിൽ മാത്രമല്ല ,ഒട്ടുമിക്ക മേഖലകളിലും ഈ സാങ്കേതിക വിദ്യയുടെ വളര്ച്ച നിർണായക സ്വാധീനം ചെലുത്തുന്നു.

വിവേകമുള്ള യന്ത്രങ്ങൾ അല്ലെങ്കിൽ സിസ്റ്റംസ് ,അതാണ് ഒറ്റ വാക്കിൽ എ ഐ . സാഹചര്യങ്ങൾ മനസ്സിലാക്കി കൃത്യമായ ഔട്ട്പുട്ട് നല്കാൻ എ ഐ സാങ്കേതിക വിദ്യക്ക് കഴിയുന്നു. നമ്മുടെ മുന്നിലുള്ള ഒരു പ്രശ്നം വളരെ ലഘുവായി ഒരു പോംവഴി കണ്ടെത്തുന്നു.

1950 കളിലാണ് നിർമിത ബുദ്ധിയുടെ ചരിത്രം തുടങ്ങുന്നത്.അമേരിക്കൻ കമ്പ്യൂട്ടർ ശാസ്ത്രജ്ഞനായ ജോൺ മക്കാർത്തി ആണ് എ ഐ എന്ന പേര് ഈ ശാഖക്ക് നൽകിയത്.ഇന്ന് നാം ഉപയോഗിക്കുന്ന ഒട്ടുമിക്ക യന്ത്ര സംവിധാനങ്ങളിലും ഈ വിദ്യ പ്രയോജനപ്പെടുത്തുന്നു. വിശ്രമമില്ലാതെ പ്രവർത്തിക്കാൻ ഇതിനു സാധിക്കുന്നു.ആവർത്തിച്ചുള്ള ജോലികൾ ഇത് എളുപ്പം ചെയ്തു തീർക്കുന്നു. നമ്മുടെ ഇഷ്ടങ്ങൾ മനസ്സിലാക്കി നമുക്ക് വേണ്ട ഉത്പന്നങ്ങൾ കാണിച്ചു തന്നു personalized shopping എളുപ്പമാക്കുന്നു.അനുദിനം മാറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ മേഖലയിൽ മിക്ക ഇടങ്ങളിലും എ ഐ നൂതന മാര്ഗങ്ങൾ കാണിച്ചു തരുന്നു.




നബ്ഹാൻ കെ പി

ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ട്രൈയിനർ

A I ഉപയോഗപ്പെടുത്തുന്ന മറ്റു മാർഗങ്ങൾ

- സ്വയം നിയന്ത്രിത വാഹനങ്ങൾ
- gps സാങ്കേതിക വിദ്യ
- ആരോഗ്യ മേഖലകളിൽ
- റോബോട്ടിക്സ്
- കാർഷിക രംഗം
- ഗെയിമിംഗ്
- മാർക്കറ്റിംഗ്
- സമൂഹ മാധ്യമങ്ങളിൽ





നിർമിത ബുദ്ധിയുടെ സാധ്യതകൾ വിശാലമാണെങ്കിലും യുക്തി പൂർവം ഉപയോഗിച്ചില്ലെങ്കിൽ ഇത് മാനവരാശിക്ക് ദോഷകരമായി ബാധിച്ചേക്കാനുള്ള സാധ്യതകൾ തള്ളി കളയാൻ പറ്റില്ല.

കവിത



ADHIL M
9S

# എന്തേ... ഞാനിത്ര മൗനിയായി?



ഇന്നെന്റെ ചുറ്റുമെല്ലാരുമുണ്ട്,
എല്ലാരുമെന്നെ കാണാൻ തിരക്ക്കൂട്ടുന്നതെന്തേ?
ആരൊക്കെയോ വാവിട്ട് കരയുന്നു,
എന്ത് പറ്റി ഇവർക്കെല്ലാം?
ജോലിതിരക്കാണെനിക്കെന്ന് പറഞ്ഞവർ,
ഇന്നെന്റെട്ടത്ത് വന്നുകരയുന്നതെന്തിന്?
എന്നെ പരിഹാസ രൂപേണ നോക്കിയ
കണ്ണിലെന്തേ... കണ്ണുനീർ പൊടിഞ്ഞു?
എന്റെ തിന്മ പറഞ്ഞവർ എന്റെ
നന്മകൾ പറഞ്ഞു കരയുന്നതെന്തേ?
എവിടെ നിന്നോ എൻ അച്ഛനമ്മതൻ
നീറ്റലറിയുന്നു ഞാൻ...
എന്തിനാണമ്മേ... കരയുന്നത്?
എന്റെ ശബ്ദമുയരുന്നില്ല കൈകാലുകളനങ്ങുന്നില്ല
എന്തേ... ഞാനിത്ര മൗനിയായി?

POEM

# DARKNESS

Darkness many scare darkness
I dont get why
They are not scared of darkness
But scared of what might be in it.
But you never know unless you try
for me darkness is beautiful,
when I look into the dark,
especially in the night -
when I'am gazing at the stars,
and talking to the moon.
I feel at ease and peace
The beauty that emerges from the -
darkness is more beautiful than anything
I've ever seen.



ARTICLE

# THE LAST SEED



*In a world not so different from ours, the Earth was on the brink of collapse. Pollution choked the skies, forests lay barren, and rivers ran dry. Humanity had pushed the planet to its limits, and now faced the consequences.*

*Amidst this bleak landscape, a small group of scientists worked tirelessly to find a solution. They scoured the globe for any remaining signs of life, hoping to uncover a spark of hope in the darkness. Their search led them to a remote corner of the world, where they discovered the last remaining seed-a precious relic from a time when the Earth teemed with life. With trembling hands, they carefully nurtured the seed, knowing that it held the key to restoring balance to the world.*



As days turned into weeks and weeks into months, the seed began to sprout, sending tendrils of green stretching towards the sky. It was a sign of hope in a world filled with despair-a symbol of resilience in the face of destruction.Inspired by the seed's tenacity, people from all corners of the globe came together to rebuild their world. They planted trees, cleaned up rivers, and embraced sustainable practices, determined to create a future where life could thrive once more.

And as the years passed, the Earth began to heal. Forests flourished, wildlife returned, and the air grew clean once more. The last seed had sparked a revolution-a reminder that even in the darkest of times, there is always hope for a brighter tomorrow.....



ASHIN.A
9E

ARTICLE

# അരിക്കൊമ്പനെവിടെ?...



ASWIN.R
9U




ചിന്നക്കനാലിൽ നിന്ന് 5 മയക്കുവെടിവെച്ച് കുങ്കിയാനകളുടെ സഹായത്താൽ പിടിച്ച് ലോറിയിൽ കയറ്റി പറമ്പിക്കുളം കാട്ടിൽ ആദ്യം ആനയെ വിട്ടയച്ചു. അവിടെ നിന്ന് ജനവാസ മേഖലകളിൽ പ്രശ്നം ഉണ്ടാക്കിയത് കാരണം വീണ്ടും മയക്കുവെടിവെച്ച് തമിഴ് നാട്ടിലെ കാട്ടിലേയ് ക്ക് കയറ്റിവിട്ട അരികൊമ്പനെവിടെ എന്ന് ഹൈക്കോടതി അന്വേഷിക്കാൻ ഉത്തരവിട്ടു.

ഇപ്പോൾ കിട്ടിയ വാർത്തപ്രകാരം അരിക്കൊമ്പൻ തമിഴ്




നാട്ടിലെ അപ്പർ കോദയാർ ഡാമിന്റെ പരിസരത്ത് ഉണ്ട്. ഡാമിന്റെ 2 km ചുറ്റളവിൽ മാത്രമേ ആന ഇപ്പോൾ സഞ്ചരിക്കുന്നുള്ളൂ. ഡാമിൽ നിന്നും 7km അകലെയാണ് ജനവാസമേഖല ഉള്ളത്.

കവിത

# എന്റെ ഗുരു

എനിക്ക് കൈത്തിരി വെട്ടം
കാണിച്ച എന്റെ ഗുരു
ഒരുതിരി നാളം എൻ മനസ്സിൽ
തെളിയിച്ച എന്റെ ഗുരു
എന്റെ ജീവിതപാതയിൽ നേർവഴി
കാണിച്ച എന്റെ ഗുരു...



നന്മയും തിന്മയും
തരംതിരിക്കാൻ പഠിപ്പിച്ചുതന്ന
എന്റെ ഗുരു

അറിവെന്ന വൻപൂമരത്തിൽ
കായായ് പൂവായ് പരിലസിക്കും
എൻ അറിവേകുന്ന ഗുരുവര്യരിൽ
അവരിലർപ്പിച്ചിട്ടുന്നു എൻ -
ജീവിതം...



MUHAMMED AYHAM K
9S

ARTICLE

# No Drugs

## ലഹരിയിൽ മുങ്ങുന്ന കൗമാരം



ലഹരി ഭീതിജനകമാം വിധം സർവ വ്യാപകമായി പ്രബുദ്ധരെന്നഭിമാനിക്കുന്ന മലയാളി ഈ ഓണത്തിന് മാത്രം കുടിച്ച് തീർത്ത 487 കോടിയുടെ മദ്യമാണ്. കഴിഞ്ഞ വർഷത്തേകാൾ 30 കോടിയുടെ വരുമാനമാണ് സർക്കാരിനു ഇതിലൂടെ ലഭിച്ചത്. യുവത്വവും കൗമാരവും എന്ന് വേണ്ട ബാല്യം വിട്ടു ഇതിലൂടെ ലഭിച്ചത്. യുവത്വവും കൗമാരവും എന്ന് വേണ്ട ബാല്യം വിട്ടു കടക്കാത്ത പ്രൈമറി സ്കൂളിൽ പഠിക്കുന്ന കുട്ടികൾ വരെ ലഹരി ഉപയോഗിക്കുന്നതായി റിപ്പോർട്ട് ചെയ്തു . പെൺ കുട്ടികൾകിടയിലും ലഹരിയുടെ ഉപയോഗം ക്രമാതീതമായി വർധിച്ചു വരുന്ന ലഹരി ഉപയോഗത്തിൻ ഭയപ്പെടുത്തുന്ന വാർത്തകൾ എഴുതുകയും വായിക്കുകയും ചെയ്തു. ജാഗ്രതയും അവബോധവും ആവശ്യമായിട്ടുള്ള സാഹചര്യമാണ് നമുക്ക് മുന്നിലുള്ളത്. രക്ഷിതാക്കളും വിദ്യാർത്ഥികളും പൊതുസമൂഹം ഒരു പോലെ പ്രതിരോധനടപടി സ്വീകരിച്ചാലേ പുതിയ തലമുറയെ ഈ അപകടത്തിൽ നിന്ന് ഒരു പരിധി വരെ രക്ഷപെടുത്താൻ സാധിക്കുക. അതിന് വിവിധ തരം ലഹരിയെ കുറിച്ച് വിദ്യാർത്ഥികളടക്കമുള്ള പൊതുസമൂഹങ്ങളിൽ പ്രചരിപ്പികുന്നതിനെ കുറിച്ചും ലഹരിയെ ഭവിശത്തുകളെ പറ്റിയും അറിയേണ്ടതുണ്ട്. ഭീകരമായ ഭവിഷ്യത്തുള്ള ലഹരിയെ കുറിച്ചു നമ്മൾ ബോധവാൻമാരാകേണ്ടതുണ്ട്.



MUHAMMED AZEEM MK 9 A

STORY

# DUSK'S HOPE

In a world divided by towering walls, where kingdom cling to safety amidst the shadows, there's a boy named Maradona. He's a regular teen living in the kingdom of shadows, where darkness is the norm and demons lurk behind the walls. Maradona's dad wasn't always a big shot demon slayer. Back in the day, he was just a kid with dreams, Until tragedy struck. His little sister , who wanted to see what was ouside of those walls because only who is allowed to go outside are royal bloods , traders with the protection of demon slayers. But she goes outside and never came back. Demons got her.

After that, Maradona's dad become this hardcore demon slayer, swearing to protect the kingdom from demon. But one day maradona's dad never came back. Losing him was like losing a piece of kingdoms safety net. But his legacy lives on Maradona. Maradona grown up by spending all his time practicing with his sword, ready to face of the demons that haunted their world. With his dad's sword in his hand and a fire burng in his heart. Maradona steps out into the darkness of the night. The moon hangs low. He meets demons- big, scary ones with glowing eyes. Maradona fights hard, sweat dripping, muscles burning. Each of why he's out here. But as the night drags on, he starts feeling it, this arms ache, his breath comes fast. Still, he doesn't stop. He can't- not when there's justice to be served and demons to be defeated. And when the first light of dawn breaks through, Maradona stands battered but victorious. Because in his world, the fight never stops, neither does he.

One night, in the midst of battle, Maradona freezes as he sees a demon that look like his father. Emotions overwhelm him-anger, confusion and sadness. He sees humanity flicker in its gaze. Realizing the demons were once human. Understanding: His fight is not just against demons, but for redemption and healing. He lowers his sword, leaving the demons be, Maradona retreats to the safety of the kingdom, resolved to uncover the truth behind the demons origins.

Maradona was on a journey to find a cure for demons. In a dead of night, Maradona stumbles upon Aiko, a young scientist surround by demons. With swift striks of his blade Maradona ends off the attackers, saving Aiko As they catch their breath, Aiko reveals a theory which Maradona had already know about: demons were once humans. They teamed up, together they set forth into the night, bound by a common goal.

As Maradona and Aiko journey together they face demons and seek a cure. Their path is tough, filled with battles and breakthroughs. But with each challenge, their friendship grows stronger. They learn to lean on each other. Together, they face their fears and fight for redemption, knowing that their bond is their greatest strength in the darkness.



On their journey Maradona and Aiko found out the truth that how humans turn into demons, through ancient toms and cryptic clues: the demon king's tragic fate- a once mortal ruler cursed by his own ambition, forever bound to darkness and then a curse by the demon king turns humans who those their heart fills with despair, anger, revenge and other negative emotions turned into demons.

Their journey leads them to the heart of ancient ruins, where the demon king's curse began. Standing before the cursed artifact, they prepare for a final showdown. A battle that will determine the fate of the world and all who dwell within it.

With unwavering resolve. Maradona realizes the key to defeating the cycle of despair and anger the fuels the curse. With a mighty roar, he calls upon the strength of his spirit, bathing the ruins in a warm golden lights, Maradona and Aiko watch the darkness fade, replaced by a new beginning. Hand to hand, they stand, their hearts filled with hope and the knowledge and together, they have achieved the impossible. As the first rays of sunlight pierce the darkness, they knew that their journey is far from over- but with courage and determination, they are ready to face whatever challenge lies ahead, secure in the knowledge that they have made in a new era of light and hope for the world.



DANISH NUJOOM M
9V

കവിത

# ബാല്യത്തിലെ രക്തഗന്ധം

പിടയുന്നു കരുന്നുകൾ ജീവനുവേണ്ടി
പൊലിയുന്നു ജീവിതം ശത്രുനയാൽ
കത്തിയമരാത്ത തന്റെ രാജ്യത്ത്
ഭയത്താൽ വിറക്കുന്നു ശരീരം!

എന്തിന് വേണ്ടിയാണീ യുദ്ധം?
ഓർക്കുന്നു കരുന്നുകൾ തങ്ങളുടെ ബാല്യം
വർണ്ണമാം താൻ ബാല്യത്തിൽ നോക്കും നേരം
കാണുന്നു താൻ ബാല്യത്തിലെ രക്തഗന്ധം.






MUHAMMED FAHEEN KP
9A

കവിത

# കാതോർത്ത്



Fahmida Safar.V.N
9.K

നിൻ വിളിക്കായ്
ഞാൻ കാതോർത്തിരിക്കയാണ്.
ഒരിറ്റ് സ്വാന്തനമേകുന്നതിനപ്പുറം
ഒന്നിനും പരിഹാരമാകില്ലെന്നറിയാം
എങ്കിലും ,ഉള്ളം വെമ്പുന്നു വല്ലാതെ,
നിന്നെയൊന്ന് പുൽകിടാൻ...
നിൻ മധുരസ്വരം കേൾക്കുവാൻ...
നീ അറിയുന്നുവോ,
കൺ തുറന്ന മുതൽ കണ്ടറിഞ്ഞ
കണ്ണടയുവോളം കാണേണ്ടിയിരിക്കുന്ന
മർത്യ ജന്മത്തിൽ കൂടപ്പിറപ്പായ
അനശ്വരമാം മുത്തുവേ...
നിൻ വിളിക്കായ്
ഞാൻ കാതോർത്തിരിക്കയാണ്...
എൻ ജീവസ്പന്ദനം
നിൻ കരങ്ങളിലർപ്പിക്കുവാൻ...
ഇരു കൈകളും നീട്ടി
നിന്നെ എന്നിലേക്കണക്കുവാൻ...

**ജീവചരിത്രം**




ഫെബ്ന പി

# ഒന്നും ഒന്നും ഇമ്മിണിബല്യൊന്ന്

## വൈക്കം മുഹമ്മദ് ബഷീർ

നോവലിസ്റ്റ്,കഥാകൃത്ത്

മലയാള സാഹിത്യകാരനും സ്വാതന്ത്ര്യസമര സേനാനിയുമായ വൈക്കം മുഹമ്മദ് ബഷീർ 1908 ജനുവരി 21 കോട്ടയം ജില്ലയിലെ തലയോലപറമ്പിൽ കുഞ്ഞാത്തുമ്മയുടെയും കായ് അബ്ദുറഹ്മാൻെയും മകനായി ജനിച്ചു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്നു. മലയാളഭാഷയറിയാവുന്ന ആർക്കും ബഷീറിന്റ സാഹിത്യങ്ങൾ മനസ്സിലാകും കരഞ്ഞുതീർത്ത ജീവിതാനുഭവങ്ങളെ ഹാസ്യ രൂപത്തിലാക്കി വായനക്കാർക്ക് മുന്നിൽ പ്രശസ്തനായി. പാത്തുമ്മയുടെ ആട്, ന്റുപ്പാപ്പാക്കൊരാനണ്ടാർന്ന്, മതിലുകൾ, വിശ്വവിഖ്യാതമായ മൂക്ക്, ബാല്യകാലസഖി, നേരും നുണയും, തുടങ്ങി നിരവധി കൃതികൾ രചിച്ചു. ചിലതൊക്കെ പല ഭാഷകളിലേക്ക് തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഫാബി ബഷീറായിരുന്നു ഭാര്യ. ബഷീറിന്റ ഏക നാടകമാണ് കഥാബീജം. വായനക്കാരെ ചിരിപ്പിച്ചും അതേ സമയം ആലോചിപ്പിക്കുകയും ചെയ്തിരിന്നു അദ്ദേഹത്തിന്റ കൃതികൾ. ബഷീറിന്റ ചില കൃതികൾ പിന്നീട് സിനിമയാക്കിയിരുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന പല അനാചാരങ്ങൾക്കെതിരെയും അദ്ദേഹം ഹാസ്യത്തിലൂടെ സ്വരം പുറപ്പെടിവിച്ചു. 1994 ജൂലൈ 5 ന് കോഴിക്കോട് ബേപ്പൂരിൽ വെച്ച് അദ്ദേഹം മരണമടഞ്ഞു....



കഥ

# THE BOY DETERMINATION

നമ്മുടെ കഥ ഒരു ഗ്രാമത്തിലെ ജന്മം മുതൽ ഒരുമിച്ചുള്ള കൂട്ടുകാരുടെ കഥയാണ്. സുന്ദരമായ ഗ്രാമത്തിലെ ഒരു കർഷകന്റെ മകനാണ് നമ്മുടെ നായകൻ ജോൺ. ജോണിന്റെ ഏക സുഹൃത്താണ് പ്രിയ. അവൾ ഗ്രാമത്തിലെ തലവന്റെ മകൾ ആണ്. അവർ ഉണരുന്നതും ഉറങ്ങുന്നതും എല്ലാം ഒരുമിച്ചായിരുന്നു. രണ്ടാളും ഒരേ വിദ്യാലയത്തിലാണ് പഠിക്കുന്നത്. വിദ്യായല ജീവിതം കഴിഞ്ഞ് രണ്ടാൾക്കും ഗ്രമത്തിലെ തന്നെ ഒരു ഹയർ സെകണ്ടറി വിദ്യാലയത്തിൽ ഒരുമിച്ച് അഡ്മിഷൻ കിട്ടി. പക്ഷെ ജോൺ പഠിക്കാൻ ഉഴപ്പനായിരുന്നു. പ്രിയയാണെങ്കിൽ MBBS ലക്ഷ്യത്തോടെ ജീവിതം നയിക്കുന്നവളും. അങ്ങനെയിരിക്കെ ഇവരുടെ പുതിയ കോളേജിൽ ഒരു സ്കോളർഷിപ്പോടെ പഠിക്കാൻ ഉള്ള അഡ്മിഷനാണ് സ്കോളർഷിപ്പ് യോഗ്യത ഏററവും നന്നായി പഠിക്കുന്ന വിദ്യാർത്ഥിക്കാണ്.




2008-2009 വർഷത്തെ സ്കോളർഷിപ്പ് കിട്ടിയത് പ്രിയക്ക് ആണ്. അവൾ അവളുടെ ലക്ഷ്യത്തിലെക്ക് പറന്നു. ജോൺ ഒറ്റക്കായി . ജോൺ പഠിച്ച് ആ സ്കോളർഷിപ്പിന് അർഹനായി. അവൻ പഠിച്ച് നല്ലൊരു DOCTOR ആയി . പ്രിയ അവന്റെ കീഴിൽ അസിസ്ററന്റ് DOCTOR ആയി വർക്ക് ചെയ്തു ..

**ഉഴപ്പൻ എന്ന മുദ്രകുത്തിയ ജോൺ എല്ലാവരുടെയും പ്രിയപ്പെട്ടവനായി**



*HIBA FATHIMA - M*
*9K*



Fathima hudha.p


ചെറുകഥ

# കാത്തിരിപ്പ്

പുലർച്ചക്ക് തന്നെ വിളിച്ചുണർത്തുന്ന അയൽവീട്ടിലെ അങ്കവാലൻകോഴിയുടെ കൂവൽ കേട്ടാണ് അന്ന് പാറു അമ്മ ഞെട്ടിയുണർന്നത്. നേരം ഒരുപാടായിരിക്കുന്നു ഉറക്കച്ചവടിൽ ഒന്നു ചുറ്റുപാടും നോക്കി.താൻ ഉമ്മറപ്പടിയിൽ ആയിരുന്നോ ഇന്നലെ ഉറങ്ങിയത്? അരികിൽ കത്തിച്ചുവെച്ച ഒരു ചിമ്മിനി വിളക്ക് തീർന്ന് കെടാറായിരിക്കുന്നു. ചോറ് മുറ്റത്താകെ ചിതറി കിടക്കുന്നു. വീട്ടുസാധനങ്ങളും മറ്റും വലിച്ച് വാരിയിട്ടിരിക്കുന്നു. പാറു അമ്മ ഇരുന്ന ഇരുപ്പിൽ തലേന്ന് രാത്രി നടന്നതെല്ലാം ഒരു നെട്ടുവീർപ്പോടെ ഓർത്തെടുത്തു.



തനിക്ക് താങ്ങും തണലുമാകേണ്ട പുന്നാര മകൻ തന്നെ ഉപദ്രവിച്ചിട്ട് വീട് വിട്ട് ഇറങ്ങിപ്പോയി. അവന് പണം വേണം പോലും. നേരം പുലർച്ച മുതൽ അന്തിയാവോളം വീട്ടുജോലി ചെയ്ത് കിട്ടുന്ന തുച്ഛമായ പണം മരുന്നിനും വീട്ടുചെലവിനും കൂടി തികയുന്നില്ല. പിന്നെ എങ്ങനെ അവൻ ചോദിച്ച പണം കൊടുക്കും. കെട്ട്യോൻ കുടുംബഭാരം എന്റെ തലയിലേൽപ്പിച്ച് നേരത്തെ അങ്ങ് പോയി. ഏക സന്തതിയല്ലേ എന്ന് കരുതി ലാളിച്ചത് കുറച്ച് കൂടിപ്പോയി. ഇപ്പോ അവനെ നിലക്ക് നിർത്താൻ കിട്ടുന്നില്ല. കുടുംബം പോറ്റാനുള്ള പ്രായവും ത്രാണിയുമൊക്കെ വേണ്ടുവോളം ഉണ്ട്. പക്ഷേ ചീത്ത കൂട്ടുകെട്ടിൽ പെട്ട് അവൻ ആകെ വഷളായി. കള്ളും കഞ്ചാവും അവന്റെ ഇഷ്ടതോഴൻമാരായി മാറി. അമ്മയിൽ നിന്ന് അവന്റെ ആവശ്യത്തിനു പണം കിട്ടാതെ വരുമ്പോൾ അമ്മയെ ഉപദ്രവിക്കൽ പതിവായി. അതു തന്നെയാണ് ഇന്നലെ രാത്രിയും നടന്നത്. അമ്മയോടും വീട്ടുപകരണങ്ങളോടും അവന്റെ കലി തീർത്ത് വീട് വിട്ട് ഇറങ്ങിപ്പോയി.എങ്ങോട്ടെന്നില്ലാതെ.... പാറു അമ്മയുടെ കണ്ണിൽ നിന്ന് കണ്ണുനീർ ചാലിട്ടൊഴുകി.വേണ്ടിയിരുന്നില്ല അവൻ ചോദിച്ച പണം കൊടുത്താൽ മതിയായിരുന്നു. ഇനി പറഞ്ഞിട്ടെന്ത്? അവൻ പോയില്ലേ... അവർ വേദനോടെ അവിടെ നിന്ന് എണീറ്റ് വീടും പരിസരവും ഒതുക്കി വൃത്തിയാക്കി വെച്ചു. അന്ന് വൈകീട്ടും മകൻ തിരിച്ച് വന്നില്ല. ദിവസങ്ങൾ കഴിഞ്ഞു... ആ മാതൃമനം മകനു വേണ്ടി തേങ്ങുന്നു.ആ ഉമ്മറത്തിണ്ണയിൽ മകനു വേണ്ടിയുള്ള കാത്തിരിപ്പ് തുടരുകയാണ്. എന്നെങ്കിലുമൊരിക്കൽ മകൻ തിരിച്ചുവരുമെന്ന പ്രതീക്ഷയോടെ...!!!



മുഹമ്മദ് ഷിബിൽ സി

കവിത

# യാത്രയയപ്പ്

പുതുകിരണങ്ങൾ വന്നെത്തിയിരിക്കുന്നു
അവൻ നിങ്ങളേ വേഗത്തിലാക്കട്ടെ
സൂര്യൻ നിങ്ങളുടെ ചർമ്മങ്ങളെ
കരിക്കാതിരിക്കട്ടെ
മഴ നിങ്ങളെ തണുപ്പിക്കാതിരിക്കട്ടെ
കല്ലുകൾ നിങ്ങളുടെ പാദങ്ങളെ
വേദനിപ്പിക്കാതിരിക്കട്ടെ
ജലം പോൽ പോയി ജലം പോൽ
തിരിച്ചുവരൂ പ്രാണനേ...

അവൻ എന്നെ കതിരയേ
പോൽ വേഗത്തിലാക്കുകയും
അതു പോൽ തിരികേ
കൊണ്ടുവരും സഖി...



കവിത

# പൂവ്

പൂവേ പൂവേ കൊഴിയല്ലേ
പൂന്തെന്നല്ലു വന്നു വിളിച്ചാൽ പോവല്ലേ
പുലരി പൂത്തു മഴയിൽ ഇതള്ള പൊഴിക്കല്ലേ
ഒരിതള്ളും നീ പൊയിക്കല്ലേ
പൂത്തു മണ്ണിനു ചൂടാനൊരു പൂവിതള്ളും നൽക
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതള്ളും
നൽകല്ലേ !
വെള്ളി നിലാവിലലിഞ്ഞീ പുഞ്ചിരി മായ്ക്കല്ലേ
പൂവണ്ടിൻ പ്രണയം പൊള്ളാണേ..
നിന്നോടുള്ള പൂവണ്ടിൽ പ്രണയം പൊള്ളല്ലണേ
അത് പൂന്തേനുണ്ണാനണയുവതാണേ
നിന്നെ കാണാനെന്നും കൊതിയാണേ..





MINHA THESNI.E
9K

STORY

# The Kingdom of Rain



Mohammad Febin EV
9E



Once upon a time, a beautiful woman's mind was bare. Rainways are her love. She had a couple of beauties in the land of the monsoons - draped in Mersal's silk, and a return to the devotional festival of rain-fruiting rains pouring down from above. Seeing the displeasure of the rain, there was a desire to evacuate the human nature. So the ministers of the country started a project without remaining in public with the arrogance of importance. It is also known as "The Kingdom of Rainy Season". Apsaras, Gandharva worshippers, and congregations of poets also worked to enshrine in this project. But this too had potential as rain's desire was sufficient. Elamonte had to find a suitable and qualified king for the investigation of the Kingdom of Rain. Walking into the assembly of the gods it came. he main deities of Gods Indra, Varuna and other deities were present in

the sub-chamber. The king gave them sufficient material and a description of the subject. But the reason is that it was successful and they returned outside.Varuna: "Devadhideva, if we don't have merit, we don't want to come like this. I want to curse everyone I know." Acknowledging Ashwini: "Thy hitherto beauty is attainable by the meditation of fools and insensible old men. We attain it by the eye-rolling and unsatisfied Mahindra." Agni: "We clothes are what we find momentarily because of images. We are the only ones who don't have the necessities." But after reaching three crores in one day, there was a special feeling. Devas



and divine beings were immersed with the rain. Seeing that, the king himself left the river Mazhanadi as one of them. In addition, they found a feeling in the clear mind of the rain region.

At the invitation, there was the love of men. Because they didn't have the same proof that we awaited the rain with displeasure.

It came back to the rain knowing you...



ARTICLE

# IMPORTANCE OF SUN IN OUR NATURE

Sun is the ultimate source of energy.what would earth without the sun? Anyone think about it .Science describes about it in some words it is "earth will useless".The importance of sun in our universe is not compramisable.There is no sun rays photosynthesis will be stop and food prepration in plants also began to stop. Plants are the first thing in our food chain we can't exist without food.The surface temparature of earth will so cold.The level of carbondioxide will increa se the level of oxygen will decrease.Evaporation will stop so,there is the rain will stop sea water will turn to ice because of the low temparature. The colorful world changes to a darken world. The moon does not produce light we only see the moon because sun light reflects off it

## Life without the sun would eventually prove to be impossible





*Mohammed Hisham ck*
9.X

STORY

# The boy who bridged the gap

IN THE TOWN OF TRIVANDRUM AT KERALA THERE LIVED A LITTLE BOY WHO'S NAME IS NASIK. HE HAS A HUGE KNOWLED GE AT TECHNOLO GY HE WAS ALSO



A KIND HEARTED PERSON WHO LIKE TO HELP OTHERS ONE DAY HE SAW A OLD PHONE WHICH HAS A SMALL ISSUE BUT NO ONE IN HIS HOME TRIED TO REPAIR IT SO HE DECIDED SO HE MADE UP HIS MIND TO REPAIR AFTER HIS DAYS OF HARD WORK ON DAYS AND NIGHTS

HE FINALLY REPIRED ON ONE DAY HE SAW A POOR GIRL FROM THE RURAL AREA HER NAME WAS ANAMIKA.ANAMIKA WAS A GIRL WHO LIKES TO LEARN THINGS BUT HER FAMILY DON'T HAVE ENOUGH MONEY TO TAKE HER TO HIGHER STUDIES SO SHE NEED TO DEPEND ON ON LINE COURSES WHICH LOT MORE CHEAPER THAN OFFLINE COURSES BUT THERE IS ALSO A PROBLEM THAT THEIR AREA DON'T HAVE A GOOD INTERNET CONNECTION SO SHE CANT TAKE HER ON LINE CLASS CORRECTLY AFTER UNDERSTANDING ABOUT THE PROBLEM NASIK SHARED A POST ON SOCIALMEDIA



ON ASKING PEOPLE TO GIVE HIM A OLD WORKING OR SMALL COMPLAINT ROUTER TO GAVE TO THAT POOR GIRL AND IT BECAME A GREAT SUCCESS AND HE GOT THREE ONE OF IT WAS COMPLAINT BUT HE REPAIRED IT AND HE GAVE ONE TO THE GIRL AND AND OTHER TO THE OTHER PEOPLE WHO NEEDED IT THE MOST AND IT HELPED NOT ONLY TO THE PEOPLE HE GAVE IT BUT ALSO THEIR NEIGHBOURS AND SOME OTHERS AND AFTER REALISING HOW EFFECTIVE IT WAS BOY DECIDED TO START A CAMPAIGN ON THIS



PROJECT AND HE TAKE HIS FRIENDS ALSO TO HELP HIM AND IT BECAME A GREAT SUCCESS AND ALSO GOT GREAT HELP FROM SOCIAL MEDIA ALSO AND NOW HIS GROUP GETS UP TO 5 ROUTERS PER WEEK AND HE COULD SUCCESSFULLY REACH THAT TO PEOPLE WHO NEEDED THIS STORY SHOWS HOW BIG IMPACT WE CAN MAKE ON OUR SURROUNDING EVEN THROUGH THINGS THAT WE THINK IS SMALL BUT IT CAN HELP OTHERS GREATLY.



MOHAMMED MISHHAL
9-W

കവിത

# ഭാരതം



MUHAMMAD SUROOR. MT
9A

ഭാരതംബേ.......
നിന്റെ മാറിൽ വിരിഞ്ഞതിൽ
പുരിതമാണീ പുലരി.
പരശ്വതം മനുചർ മനം
നൊന്തിടാതെ
മന്നന്റെ മഹിമയിൽ മധുവാം...
ഇല്ല, വിരിയില്ല ഹിംസയുടെ യന്ത്രം മന്ത്രിച്ചിട്ടുന്നൊരു തന്ത്രിയും
നീ പെറ്റ മക്കളെ
തഴുകി തലോടുമോ ഭൂമിയിലെ മറ്റു ഗേഹം
സിന്ധിന്റെ സന്ധ്യയിൽ ചരിതമുറങ്ങുന്ന
ചിന്തയിൽ ചാലിച്ച ചന്തം.
ഭാരത ഭൂമിയിൽ ഭരണ ഉരുട്ടിയ
ഭാരതത്തിൽ നിന്നോ നിൻ ഉൽഭവം
ഗേഹമേ...
നിന്നുടെ ചങ്കിലെ ചോര
ചതിച്ചും ചവച്ചും ബ്രിട്ടീഷ്, ചാപല്ല്യമാക്കി നിന്നെ നിന്ദ്യമാക്കി.
പിന്നെ കോരി ത്തരിച്ച കാലം
മാറാതെ മറയാതെ മാറിടം കാണിച്ചോർ'
തോക്കിന്റെ മുന്നിലും താക്കീത് മുക്കി
തപസ്സിലായ് ചാലിച്ച നാടിന്റെ നായകൻ.
പറിച്ചു കൊടുത്ത സ്വാതന്ത്ര്യം
മായില്ല, മാപ്പിള മരതകം തീർത്ത നാശം
മറക്കയില്ല മലബാറും ഒന്നും.



കവിത



SHABIN 9E



# തീറ്റക്കൊതിയൻ അച്ചു

ഒരു മാവിൻ കൊമ്പത്ത് മാച്ചുവണ്ണാനും കൂട്ടുകാരും താമസിച്ചിരുന്നു
അതിൽ അച്ചു എന്ന് പേരുള്ള നല്ല
മാമ്പാഴക്കൊതിയനായ മറ്റൊരു അണ്ണാനു മുണ്ടായിരുന്നു അവൻ
ആരോടൊപ്പവും കളിക്കാതെ മാമ്പഴം
ചോദിച്ചാലും അവൻ കൊടുക്കുകയില്ല. അതിനു താഴെ ഒരു വലിയ
കിണറുണ്ടായിരുന്നു. ആ മരത്തിന് താഴെ
ഒരു മരപ്പൊത്തുള്ളത് അവരാരും കണ്ടിട്ടില്ല. മറ്റുള്ളവർ കളിക്കാൻ
പോയില്ല. അവൻ മാമ്പഴം തിന്നു
കൊണ്ടിരുന്നു ആ മരപ്പൊത്തിൽ പാമ്പ് ഉള്ളതും അവൻ അറിഞ്ഞല്ല.
അവൻ മാസഴം തിന്നു കൊണ്ടിരുന്നു. ആ
മരപ്പൊത്തിൽ പാമ്പുള്ളതും അവൻ അറിഞ്ഞിട്ടില്ല അപ്പോൾ അച്ചു
മാമ്പഴം തിന്നുകൊണ്ടിരിക്കുകയാണ്. ആ
സമയത്ത് പാമ്പ് വന്ന് അച്ചുവിൻ്റെ മുന്നിൽ നിന്നു. പാമ്പ് അച്ചുവിനെ
കൊത്താൻ നിന്നപ്പോൾ അച്ചു പേടിച്ച്
അടുത്തുള്ള കിണറിലേക്ക് വീണു അങ്ങനെ അച്ചുവിൻ്റെ കഥ തീർന്നു.

ഇതാണ് പയുന്നത് അത്യാഗ്രഹം ആപത്താണ്

കവിത

# ഉറുമ്പ്

ഉറുമ്പേ ഉറുമ്പേ..
കുറുമ്പനുറുമ്പേ
പോകുവതെങ്ങോട്ടാ?
വരിവരിയായി
നിരനിരയായി
പോകുവതെങ്ങോട്ടാ?
മധുരം നുണയാൻ
പോകുന്നു ഞാൻ
കൂടെക്കൂട്ടുന്നോ?
കുടെ വന്നാൽ
മതിവരുവോളം
മധുരം നൽകീടാം.




Muhammed Shadhin.P
9D



POEM

# Nature

In fields where wild flowers dance,
Under skies in azure trance,
Nature's symphony unfolds,
As whispered tales of old.



Trees sway with gentle grace,
In the forest's secret space,
Birds sing their sweet refrain,
Echoing through the verdant lane.

Rivers flow with rhythmic sigh,
Underneath the azure sky,
Mountains rise, majestic peaks,
Where solitude and beauty speaks.



Oh, nature's beauty, pure and true,
In every hue, in every view,
A masterpiece for eyes to see,
A symphony for hearts to be free.



by: muhammed shammas k.k
9.x

കവിത

# വൈവ

ചെറുകവിത

ആ രണ്ടക്ഷരം മൊഴിയുമ്പോൾ
ഹൃദയം ആകെ ഭയത്താൽ ഭീതി പടരുന്നു.
ഇന്നലെ മിന്നല്പ പോലെ പാഞ്ഞു
പഠിച്ചതെങ്ങു പോയി
തെറ്റുകൂടാതറ്റം വരെ പഠിക്കണമെന്ന്
ശാഠ്യം പിടിക്കുന്നൊരധ്യാപകൻ
ഇന്നലെ കണ്ടവരെന്താ ഇന്നിങ്ങനെ
അറിയാതെൽ ക്ളാസ് മുറികൾ
പ്രാർത്ഥന നാളമായി മാറുന്നു.



MUHAMMED ZAYAN CH
9D

ARTICLE

# അപകടകാരികളായ പക്ഷികൾ

## RED TAILED HAWK



സർവ്വസാധാരണമായി കാണുന്ന ഒരിനം പരുന്താണ് റെഡ് ടെയിൽഡ് ഹോക് അഥവാ ചുവപ്പുവാലൻ പരുന്ത്. വാൽ ഭാഗത്ത് തൂവലുകളിലെ ഇരുണ്ട ചുവപ്പുനിറമാണ് ഇവയ്ക്ക് ഈ പേരുകിട്ടാൻ കാരണം. നോർത്ത് അമേരിക്കയിലാണ്ഇവയെ കൂടുതലായി കാണുന്നത്. buteo എന്ന ജൻസിൽ പെട്ട പക്ഷിയാണ് ഇവ. ഇവയുടെ ഭാരം 2 പൗണ്ട് മുതൽ 4 പൗണ്ട് വരെയാണ്. നീളം 38 ഇഞ്ച് മുതൽ 43 ഇഞ്ച് വരെയാണ്. വളരെ കാഠിന്യമുള്ള കാൽനഖവും കൂർത്ത കണ്ണുകളുമാണ് ഇവക്കുള്ളത്.

## SNOWY OWL



മഞ്ഞു പ്രദേശങ്ങളിൽ കാണപ്പെടുന്ന പക്ഷിയാണ് snowy owl അഥവാ മഞ്ഞുമൂങ്ങ. ഇവയെ arctic owl എന്നും വിളിക്കാറുണ്ട്. ഭാരം 3.5 പൗണ്ടിനും 6.5 പൗണ്ടിനും ഇടയിലാണ്. ഇവർ രാവിലെയാണ് സജീവമാകാറുള്ളത്. മനുഷ്യരാണ് ഇവരുടെ പ്രധാന ഇര. മനുഷ്യരുടെ കണ്ണും തലയുമാണ് ഇവ ആക്രമിക്കാറ്. ഇവയുടെ ശബ്ദം വായുവിലൂടെ 10 KM ദൂരം വരെ കേൾക്കാൻ സാധിക്കും.

## HERRING GULL



വടക്കേ അമേരിക്കയിൽ കണ്ടുവരുന്ന കടൽക്കാക്കയാണ് അമേരിക്കൻ ഹെറിങ് ഗൾ. വെളുത്ത നിറമുള്ള ഇവയുടെ ചിറകുകളും പിൻഭാഗവും ചാരനിറത്തിലാണ്. കടൽ തീരങ്ങളിലും പുഴകളിലും തടാകങ്ങളിലുമാണ് ഇവയെ കാണാറുള്ളത്. ഇവയുടെ ഭാരം 2 kg വരെയാണ്. മാത്രമല്ല, 60 km/h വേഗതയിൽ പറക്കാനുള്ള ശേഷിയും ഇവർക്കുണ്ട്. ഇവരുടെ വയറു നിറക്കാൻ എന്തിനെയും ആക്രമിക്കാൻ ഇവർ തയ്യാറാണ്.

## LAMMERGEIER




Lammergeier നെ Bearded Vulture എന്നും Ossifrage എന്നും വിളിക്കാറുണ്ട്. 7 kg ഭാരവും 3 മീറ്റർ വീതിയുമുണ്ട് ഇവർക്ക്. വളരെ ഉയർന്ന കുന്നിൻ മുകളിലൂടെ പറന്ന് ഇര പിടിക്കാൻ മിടുക്കരാണ് ഇവർ. പ്രധാനമായും ഇവയുടെ ഭക്ഷണം അസ്ഥി മജ്ജ (Bone Marrow) ആണ്. ഇരകളുടെ മാംസം ഭക്ഷിച്ച ശേഷം അവശേഷിക്കുന്ന മജ്ജ കഴിക്കാനാണ് ഇക്കൂട്ടർക്ക് ഏറെ ഇഷ്ടം. വളരെ ബുദ്ധിശാലിയാണ് ഇവ.

## EMU

